പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *145

16/03/2015 ൽ മറുപടിക്ക്

## പക്ഷിപ്പനി മൂലം കർഷകർക്കുണ്ടായ നഷ്ടം

ചോദ്യം

ശ്രീ. സി.കെ. സദാശിവൻ :

ശ്രീ. ജി. സുധാകരൻ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. എ.എം. ആരിഫ് :

മറുപടി

ശ്രീ. കെ.പി.മോഹനൻ
കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി

എ) സംസ്ഥാനത്തുണ്ടായ പക്ഷിപ്പനി മൂലം കർഷകർക്കുണ്ടായ നഷ്ടം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

എ) ഉണ്ട്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലാണ് പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ പുറക്കാട്, തലവടി, അമ്പലപ്പുഴ നോർത്ത് എന്നീ പഞ്ചായത്തുകളിലും, ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ഭഗവതിപ്പാടം എന്ന സ്ഥലത്തും കോട്ടയം ജില്ലയിൽ കുമരകം, അയ്മനം, ആർപ്പൂക്കര, തലയാഴം, വാഴപ്പള്ളി എന്നീ പഞ്ചായത്തുകളിലും കോട്ടയം മുനിസിപ്പാലിറ്റിയിലും പത്തനംതിട്ട ജില്ലയിൽ പെരിങ്ങര പഞ്ചായത്തിലും കൊല്ലം ജില്ലയിൽ കോർപ്പറേഷൻ പ്രദേശത്തുള്ള കുരീപ്പുഴ ടർക്കി ഫാമിലുമാണ് പക്ഷിപ്പനി റിപ്പോർട്ട്

| | | |
|---|---|---|
| | | ചെയ്തത്. രണ്ടുലക്ഷത്തി എൺപതിനായിരത്തോളം പക്ഷികളെ കൊന്ന് ശാസ്ത്രീയമായി സംസ്ക്കരിക്കുകയും തുടർന്ന് സാനിട്ടേഷൻ നടപടികൾ പൂർത്തിയാക്കുകയും സർവയിലൻസ് നടപടികൾ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. വളർത്തുപക്ഷികളെ നഷ്ടപ്പെട്ട കർഷകർക്ക് മതിയായ നിരക്കിൽ നഷ്ടപരിഹാരം നൽകി. രോഗബാധയെത്തുടർന്ന് പൊതുജനങ്ങളിലുണ്ടായ ഭീതി അകറ്റുന്നതിനും, താറാവുകർഷകർക്ക്വിപണനമേഖലയിലുണ്ടായ മാന്ദ്യം പരിഹരിക്കുന്നതിനും വിവിധ മാദ്ധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തി. കൂടാതെ സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽവെച്ച് താറാവ് വിഭവങ്ങൾ കൊണ്ടുള്ള ഭക്ഷ്യമേളകൾ സംഘടിപ്പിച്ചു. ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട മന്ത്രിമാർ എം.പി എം.എൽ.എ-മാർ മറ്റു ജനപ്രതിനിധികൾ താറാവുകർഷക സംഘടനാഭാരവാഹികൾ താറാവുകർഷകർ വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവരുടെ വിശദമായ യോഗം വിളിച്ചുകൂട്ടുകയും സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും താറാവു കർഷകർക്ക് സ്വീകാര്യമായ തരത്തിൽ ഒരു കർമ്മപദ്ധതി തയ്യാറാക്കി ആയത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | കുട്ടനാട് മേഖലയിൽ താറാവ് കൃഷി പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | കുട്ടനാട് മേഖലയിലെ താറാവ്കൃഷി പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്.<br>1. കർഷകർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകി.<br>2. സംസ്ഥാനത്തുള്ള മുഴുവൻ താറാവുകർഷകരുടെയുംരജിസ്ട്രേഷൻ പൂർത്തിയായി.<br>3. കുട്ടനാട്ടിലെ താറാവു കർഷകരുടെ ബാങ്ക് വായ്പയ്ക്ക് ഒരു വർഷത്തേയ്ക്ക് മോറട്ടോറിയംപ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് മീറ്റിംഗിന്റെ അജൻഡയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>4. താറാവുകർഷകർക്കും ഹാച്ചറി ഉടമകൾക്കും ഹാച്ചറി തൊഴിലാളികൾക്കും പരിശീലനം |

നൽകി.

5. എല്ലാത്തരം താറാവിനങ്ങളുടേയും സംരക്ഷണം, പ്രജനനം, വിതരണം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ആലപ്പുഴ ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ ആധുനിക സജ്ജീകരണങ്ങളോടെ ഒരു താറാവു വളർത്തൽ കേന്ദ്രം തുടങ്ങും. ഇതിനായി പള്ളിപ്പാട്ട് പഞ്ചായത്തിൽ ഏഴേക്കർ സ്ഥലം പഞ്ചായത്ത് അധികൃതർ കണ്ടെത്തുകയും പ്രസ്തുത സ്ഥലം അനുയോജ്യമാണെന്ന് മൃഗസംരക്ഷണ വകുപ്പ് സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം വകുപ്പിന് കൈമാറുന്നതോടു കൂടി ഫാം തുടങ്ങുവാനുള്ള നടപടികൾ ദ്രുതഗതിയിൽ കൈക്കൊള്ളുന്നതാണ്.

6. ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനത്തിന് ആലപ്പുഴ ജില്ലയിൽ നെടുമുടി, ചെന്നിത്തല - തൃപ്പെരുന്തുറ പഞ്ചായത്തുകളിൽ ഇൻസിനറേറ്ററുകളും, രാമങ്കരി, കിടങ്ങറ, പുളിങ്കുന്ന് , ചമ്പക്കുളം എന്നീ പഞ്ചായത്തുകളിൽ എയറോബിക്ക് കമ്പോസ്റ്റിംഗ് ടെക്നിക്ക് ഉപയോഗിച്ച് തുമ്പർമൊഴി മോഡൽ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. മാർക്കറ്റിങ്ങ് ശൃംഖലകൾ ഉണ്ടാക്കുന്നതിനായി 35 ലക്ഷം രൂപ ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് അനുവദിച്ചുകൊടുത്തിട്ടുണ്ട്. ഈ വർഷം തന്നെ സ്വയം സഹായ സംഘങ്ങളുടെ ചുമതലയിൽ അഞ്ച് വിപണന കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിനായി നിർദ്ദേശം നൽകി.

8. താറാവ് ഇൻഷ്വറൻസ് പ്രീമിയമായി ഈ വർഷം ഏഴ് ലക്ഷം രൂപ യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിക്ക് കൊടുത്തിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം സംസ്ഥാനത്തെ മുഴുവൻ താറാവുകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട കമ്പനി അധികൃതരുമായി ചർച്ച

| | | |
|---|---|---|
| | | നടത്തിയെങ്കിലും ഇക്കാര്യത്തിൽ ഒരു ധാരണയിലെത്താൻ കഴിഞ്ഞിട്ടില്ല. എങ്കിൽ തന്നെയും കർഷകർക്ക് ഗുണപ്രദമാകുന്ന രീതിയിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യത്തിൽ ധാരണയിലെത്താമെന്ന് പ്രതീക്ഷിക്കുന്നു.<br>9. താറാവുകൾക്ക് ചികിൽസാ, രോഗനിർണ്ണയം, വാക്സിൻവിതരണം, ഇൻഷ്വറൻസ്, ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയ്ക്കായി ഒരു ഏക ജാലക സംവിധാനം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.<br>10. രോഗനിർണ്ണയസൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് പക്ഷിരോഗനിർണ്ണയശാല, തിരുവല്ല, , ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, പാലോട് എന്നീ ലബോറട്ടറികൾ ആധുനീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>11. താറാവുകർഷകരുടെയുംപൊതുജനങ്ങളുടെയും ആശങ്കകൾ അകറ്റുവാൻ സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ വെച്ച് താറാവുവിഭവങ്ങൾകൊണ്ടുള്ള ഭക്ഷ്യമേളയും സംഘടിപ്പിച്ചു. |
| സി) | പ്രസ്തുത മേഖലയിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകിയോ; വിശദമാക്കാമോ; | നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. വിശദമാക്കാം. പക്ഷിപ്പനി രോഗബാധ സ്ഥിരീകരിച്ച മേഖലകളിലെ കർഷകർക്ക് നഷ്ടപരിഹാരമായി നൽകിയ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.<br>ആലപ്പുഴ -36443150<br>കോട്ടയം -4450000<br>പത്തനംതിട്ട -1043600<br>കൊല്ലം -225380<br><br>ആകെ 42162130 രൂപ |

| | |
|---|---|
| ഡി) സംസ്ഥാനത്ത് പക്ഷിപ്പനി ആവർത്തിക്കപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) പക്ഷിപ്പനി ദേശാടന പക്ഷികളിലൂടെ പകരുന്ന രോഗമായതിനാൽ ഇതിനെ പൂർണ്ണമായും തടയുന്നതു പ്രായോഗികമല്ല. എന്നാൽ ദേശാടന പക്ഷികളെ നിരന്തരം നിരീക്ഷിച്ച് അവയിൽ നിന്നും ക്ലിനിക്കൽ സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറിയിൽ പരിശോധിച്ച് രോഗം ആദ്യഘട്ടത്തിൽ ത്തന്നെ കണ്ടുപിടിച്ച് രോഗം പടരുന്നത് തടയുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ